***Malayala Manorama***
***25 august 2018***
***Kakkand; Flood,Essential items Will provieded at Camp***

# ക്യാംപ് വിട്ടവർക്കും അവശ്യവസ്തുക്കൾ സൗജന്യമായി നൽകുമെന്ന് കലക്ടർ

കാക്കനാട് • ദുരിത ബാധിതർക്കു പഞ്ഞമുണ്ടാകില്ലെന്നുറപ്പാക്കാൻ വിപുലമായ ഒരുക്കം. ദുരിതാശ്വാസ ക്യാംപ് വിടുന്നവർക്കും നേരത്തേ ക്യാംപ് വിട്ടുപോയവർക്കും നിത്യോപയോഗ സാധനങ്ങൾ സൗജന്യമായി ലഭ്യമാക്കുമെന്നു കലക്ടർ മുഹമ്മദ് സഫിറുല്ല പറഞ്ഞു.

അവശ്യ വസ്തുക്കൾ ഉൾപ്പെട്ട പതിനായിരക്കണക്കിനു കിറ്റുകൾ തൃക്കാക്കര മുനിസിപ്പൽ കമ്യൂണിറ്റി ഹാളിൽ തയാറാക്കുന്നുണ്ട്. കുടുംബശ്രീ പ്രവർത്തകരും വൊളന്റിയർമാരും സർക്കാർ ജീവനക്കാരും ചേർന്നാണു കിറ്റുകൾ സജ്ജമാക്കുന്നത്. 15,000 കിറ്റുകൾ തയാറായി. 4,500 കിറ്റുകൾ വിതരണം ചെയ്തു.

സർക്കാർ ജീവനക്കാരുടെ മേൽനോട്ടത്തിലാണു കിറ്റുകൾ ദുരിതാശ്വാസ ക്യാംപുകളിലെത്തിക്കുന്നത്. ദുരുപയോഗം തടയാൻ കർശന നടപടി കൈക്കൊണ്ടിട്ടുണ്ട്. നിരീക്ഷണ സ്ക്വാഡുകളെ വ്യാപകമായി നിയോഗിച്ചു. സംസ്ഥാനത്തിനകത്തു നിന്നും പുറത്തുനിന്നുമായി 50,000 ടണ്ണോളം ഭക്ഷ്യ വസ്തുക്കൾ തൃക്കാക്കര കമ്യൂണിറ്റി ഹാളിൽ എത്തിയിട്ടുണ്ട്.

ലോറികളിൽ നിന്നു ലോഡിറക്കാൻ സന്നദ്ധ പ്രവർത്തകരും



ദുരിത ബാധിതർക്കു വിതരണം ചെയ്യാനായി അവശ്യ സാധനങ്ങൾ സംഭരിക്കുന്ന കാക്കനാട്ടെ കേന്ദ്രം.

യിക്കുന്നു. ഡപ്യൂട്ടി കലക്ടർമാർക്കും തഹസിൽദാർമാർക്കുമാണു സംഭരണ കേന്ദ്രത്തിന്റെ ചുമതല. സപ്ലൈ വകുപ്പ് ഉൾപ്പെടെ ഇതര വകുപ്പുകളിലെ ജീവനക്കാരും ഇവിടെ സേവനമനുഷ്ഠിക്കു

കളിലെ ദുരിതാശ്വാസ ക്യാംപുകളിലാണു നിലവിൽ കിറ്റുകൾ വിതരണം ചെയ്യുന്നത്. മൂവാറ്റുപുഴയിൽ കഴിഞ്ഞ ദിവസം വിതരണം നടത്തിയിരുന്നു. രണ്ടു ദിവസത്തിനകം പരമാവധി കുടുംബ

നങ്ങൾ ലഭ്യമാക്കാനാണു നടപടിയെടുക്കുന്നത്. നിത്യോപയോഗ വസ്തുക്കൾ ആവശ്യത്തിനു സംഭരിച്ചിട്ടുള്ളതിനാൽ വിതരണം വേഗത്തിൽ പൂർത്തിയാക്കാനാകുമെന്നാണു പ്രതീക്ഷ.